

► കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ അന്താരാഷ്ട്ര സിമ്പോസിയവും കിസാൻമേളയും കേന്ദ്ര കൃഷി മന്ത്രി രാധമോഹൻ സിങ് ഉദ്ഘാടനംചെയ്യുന്നു.

Desabhimani 11/12/16

# സിപിസിആർഐ ശതാബ്ദി: കിസാൻ മേള തുടങ്ങി

കാസർകോട് > കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ നൂറാം വാർഷികാഘോഷത്തിന് കാസർകോട്ട് തുടക്കമായി. 'തെങ്ങ് ഗവേഷണവും വികസനവും ' എന്ന വിഷയത്തിൽ അന്താരാഷ്ട്ര സിമ്പോസിയവും കിസാൻമേളയും ശതാബ്ദി സ്മാരക കെട്ടിട സമുച്ചയവും കേന്ദ്ര കൃഷിമന്ത്രി രാധമോഹൻ സിങ് ഉദ്ഘാടനംചെയ്തു.

മൊത്തം കൃഷിഭൂമിയുടെ ശരാശരി അളവ് കുറവായ കേരളത്തിൽ എളുപ്പത്തിൽ വില ലഭിക്കുന്ന വിളകൾക്ക് ഏറെ പ്രധാന്യമുണ്ടെന്ന് മന്ത്രി പറഞ്ഞു. തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നിവയിൽ വലിയ സാധ്യതകളാണ് കേരളത്തിനുള്ളതെന്നും അദ്ദേഹം പറഞ്ഞു. ശതാബ്ദിയുടെ ഭാഗമായി പുറത്തിറക്കിയ മൂന്നു പുസ്തകവും കാംപ്കോയുമായി സഹകരിച്ച് തയ്യാറാക്കിയ ചോക്കലേറ്റും കേന്ദ്രമന്ത്രി പുറത്തിറക്കി. പി കരുണാകരൻ എംപി അധ്യക്ഷനായി. മന്ത്രി ഇ ചന്ദ്രശേഖരൻ മുഖ്യാതിഥിയായി. അനന്ത്കുമാർ ഹെഗ്ഡെ എംപി, ഐസിഎആർ ഡയറക്ടർ ഡോ. ത്രിലോചൻ മഹാപത്ര, എൻ എ നെല്ലിക്കുന്ന് എംഎൽഎ, കാംപ്കോ ചെയർമാൻ എസ് ആർ സതീഷ്ചന്ദ്ര, പഞ്ചായത്ത് പ്രസിഡന്റ് എ എ ജലീൽ, സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് സി തമ്പാൻ എന്നിവർ സംസാരിച്ചു. ഡയറക്ടർ പി ചൗഡപ്പ സ്വാഗതം പറഞ്ഞു. വിവിധ രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ സിമ്പോസിയത്തിൽ വിഷയം അവതരിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗത്തുനിന്നുള്ള പ്രതിനിധികളടക്കം ആയിരത്തോളം പേർ ചടങ്ങിൽ പങ്കെടുത്തു. നാലുദിവസം നീളുന്ന കിസാൻ മേള 13ന് സമാപിക്കും. സിപിസിആർഐ വികസിപ്പിച്ചെടുത്ത വിവിധ ഇനം തെങ്ങ്, കവുങ്ങ്, കൊക്കോ ചെടികൾ എന്നിവയും മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക വിദ്യകളും മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്.